# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

### പത്രക്കുറിപ്പ്

### പി.എച്ച്.ഡി 2026 പ്രവേശനം

കാലിക്കറ്റ് സർവ്വകലാശാല 2026 അധ്യയന വർഷത്തെ പി.എച്ച്.ഡി പ്രവേശനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. **17.10.2026 രാവിലെ 11** മുതൽ ഓൺ ലൈനായി അപേക്ഷകൾ സമർപ്പിക്കാം, പിഴയില്ലാതെ ഓൺലൈൻ അപേക്ഷ സമർ പ്പിക്കേണ്ട അവസാന തിയ്യതി 26.10.2026. (വെബ് സൈറ്റ് admission.uoc.ac.in). ഫീസ് - ജനറൽ വിഭാഗം **920/-** രൂപ, പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗം **350/-** രൂപ.

ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടത് രണ്ട് ഘട്ടങ്ങളായാണ്. ആദ്യ ഘട്ടത്തിൽ CAP ID യും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ 'Register' എന്ന ലിങ്കിൽ അവരുടെ മൊബൈൽ നമ്പർ നൽകേണ്ടതാണ്. രണ്ടാം ഘട്ടത്തിൽ, മൊബൈലിൽ ലഭിച്ച CAPID യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർ ത്തീകരിക്കേണ്ടതാണ്. അപേക്ഷയുടെ അവസാനമാണ് ഫീസ് അടച്ച് ഫൈനലൈസ് ചെയ്യേണ്ടത്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം റീ ലോഗിൻ ചെയ്ത് അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതാണ്. പ്രന്റ്ഔട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർ ണ്ണമാകുകയുള്ളൂ.

അപേക്ഷയുടെ പ്രിന്റൗട്ട് പഠനവകുപ്പുകളിലേക്കോ, റിസേർച്ച് സെന്ററുകളിലേക്കോ അയക്കേണ്ടതില്ല. പ്രവേശന പരീക്ഷയെ സംബന്ധിച്ചുള്ള വിവരങ്ങൾക്ക് പി.എച്ച്.ഡി 2026 വിജ്ഞാപനം കാണുക. Ph.D റഗുലേഷൻ, ഭേദഗതികൾ, ഒഴിവുകൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ admission.uoc.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള ഒഴിവ് വിവരങ്ങൾ നോക്കി ഉറപ്പുവരുത്തേണ്ടതാണ്.

ഫോൺ : 0494 2407152 , 0494 2660600 , Email : phdmphil@uoc.ac.in

കാ. യു. ക്യാമ്പസ് (ഒപ്പ്)

16.10.2026 ഡയറക്ടർ

To

പബ്ലിക് റിലേഷൻസ് ഓഫീസർ ( പത്ര - ദൃശ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)